**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം പിൻ– 695035

ഫോൺ: 0471 2302490 ഫാക്സ്: 0471 2303025 / 2303080

ഇമെയിൽ: dhskerala.hlth@kerala.gov.in വെബ്സൈറ്റ്: www.dhs.kerala.gov.in

---

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം:- ആരോഗ്യവകുപ്പ് –ഡോ.ഹേമന്ത് വി എസ്,അസിസ്റ്റന്റ് സർജൻ - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1.കത്ത് നമ്പർ.DMOH-KNR/6460/2024-A5 Dated :02.11.2024

2.കാരണം കാണിക്കൽ നോട്ടീസ് നം DHS/25866/2024-EA3 Dated :18.03.2025

3.ഡോ.ഹേമന്ത് വി എസ് സമർപ്പിച്ച അപേക്ഷ തീയതി 03.04.2025

**ഉത്തരവ് നം. DHS/25866/2024-EA3 തീയതി.12-12-2025**

ഡോ.ഹേമന്ത് വി എസ്,അസിസ്റ്റന്റ് സർജൻ (Dr. Hemanth V S) 21.11.2022 ന് ആരോഗ്യ വകുപ്പിൽ പ്രവേശിച്ച വ്യക്തിയാണ്. കണ്ണൂർ പയ്യന്നൂർ താലൂക്ക് ആശുപത്രിയിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ സേവനത്തിൽ തുടരവെ 23.09.2023 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നു എന്ന് പരാമർശം (1) പ്രകാരം കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ട് (work and conduct) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം നോട്ടീസ് നൽകി. പ്രസ്തുത നോട്ടീസിന് പരാമർശം (3) പ്രകാരം ടിയാൾ

മറുപടി സമർപ്പിച്ചു. തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളേജിൽ എമർജൻസി മെഡിസിൻ വിഭാഗത്തിൽ സീനിയർ റെസിഡൻസി ചെയ്തു കൊണ്ടിരിക്കെയാണ് അസിസ്റ്റന്റ് സർജൻ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചത്. അതിനുശേഷം നിയമന ഉത്തരവുകൾ ഒന്നും ലഭിച്ചിട്ടില്ലാത്തതിനാലാണ് ജോലിയിൽ തിരികെ പ്രവേശിക്കാതെയിരുന്നത് എന്ന് അറിയിച്ചിരിക്കുന്നു .

(2). ഡോ.ഹേമന്ത് വി എസ് സമർപ്പിച്ച വാദഗതി വിശദമായി പരിശോധിച്ചു. പ്രൊബേഷൻ കാലയളവിൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുകയും, തിരികെ സേവനത്തിൽ പ്രവേശിക്കുവാൻ താല്പര്യം കാണിക്കാതിരിക്കുകയും ചെയ്തിരിക്കുന്ന സാഹചര്യത്തിൽ 23.09.2023 തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ.ഹേമന്ത് വി എസ് , അസിസ്റ്റന്റ് സർജൻന്റെ വർക്ക് ആന്റ് കോണ്ടക്റ്റ് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

(3). ആയതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് II ചട്ടം 19 (a) (ii) പ്രകാരം ഡോ.ഹേമന്ത് വി എസ് , അസിസ്റ്റന്റ് സർജൻ ന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Signed by
Reena K J
Date: 12-12-2025 17:26:13

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്,
Dr.Hemanth V S,
Aswathy
Chendayad
Panoor
Kannur
Pin:670692

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,തിരുവനന്തപുരം.

2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),കണ്ണൂർ

3. സൂപ്രണ്ട്,താലൂക്ക് ആശുപത്രി,പയ്യന്നൂർ,കണ്ണൂർ

(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

4. ഫയൽ